കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 11.09.2020

# 109 കോടി രൂപയുടെ അഞ്ച് പദ്ധതികൾ നാടിന് സമർപ്പിച്ചു. - മന്ത്രി ജി.സുധാകരൻ

അടൂർ, ആറന്മുള, ചെങ്ങന്നൂർ മണ്ഡലങ്ങളിലൂടെ കടന്ന് പോകുന്ന 98.10 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന എം.സി റോഡിലെ അടൂർ - ചെങ്ങന്നൂർ റീച്ചിന്റെ നിർമ്മാണോദ്ഘാടനവും മാവേലിക്കര മണ്ഡലത്തിൽ 4.93 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച മങ്കുഴി പാലം, നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 6 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ച ളാഹ - ചുനക്കര റോഡ്, ഐ.എച്ച്.ആർ.ഡി കോളേജ് അങ്കണത്തിൽ നിർമ്മാണം പൂർത്തീകരിച്ച സ്ത്രീ സൗഹൃദ വിശ്രമകേന്ദ്രം എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു. എം.സി. റോഡിലെ അടൂർ - ചെങ്ങന്നൂർ റീച്ചിലെ ഉദ്ഘാടന ചടങ്ങിൽ ആറന്മുള എം.എൽ.എ വീണ ജോർജ്ജ് അദ്ധ്യക്ഷത വഹിക്കുകയും ചെങ്ങന്നൂർ എം.എൽ.എ മാരായ സജി ചെറിയാൻ, ചിറ്റയം ഗോപകുമാർ എന്നിവർ പങ്കെടുക്കുകയും ചെയ്തു. മാവേലിക്കര മണ്ഡലത്തിലെ ഉദ്ഘാടന പരിപാടികളിൽ ആർ. രാജേഷ് അദ്ധ്യത വഹിച്ചു. മാവേലിക്കര മുൻസിപ്പൽ ചെയർപേഴ്സൺ ലീല അഭിലാഷ്, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

സെപ്തംബർ 8 മുതൽ 20 വരെയുള്ള 12 ദിവസങ്ങൾക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചതും ആരംഭിക്കുന്നതുമായ 2500 കോടി രൂപയുടെ 69 പദ്ധതികൾ നാടിന് സമർപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഓൺലൈനായാണ് ഉദ്ഘാടനങ്ങൾ സംഘടിപ്പിക്കുന്നതെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.